**MALAYALAM-(Code-112)**
**SAMPLE QUESTION PAPER**
**Class XII (2025-26)**

Std: XII

TIME ALLOWED: 3 Hrs — Maximum Marks: 80

അനുവദിച്ച സമയം: 3 മണിക്കൂർ — ആകെ മാർക്ക് : 80

---

*The question paper is divided into three sections:*

*Section A: Reading Comprehension - 10 Marks*

*Section B: Creative Writing - 18 Marks*

*Section C: Literature - 52 Marks*

---

## Section A/എ. വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)**

സംസ്കൃത സാഹിത്യത്തെ അനുകരിച്ച് മലയാളത്തിലുണ്ടായ കാവ്യ പ്രസ്ഥാനമാണ് സന്ദേശകാവ്യം. സന്ദേശകാവ്യത്തിന് നിയതമായ ഒരു സാഹിത്യരൂപം നൽകിയത് കാളിദാസനാണ്. അതായത് കാളിദാസനാണ് സന്ദേശകാവ്യ പ്രസ്ഥാനത്തിന്റെ ജനയിതാവ്. കാളിദാസന്റെ മേഘദൂതമാണ് ആദ്യത്തെ സന്ദേശകാവ്യം. മേഘദൂത് രചിക്കുന്നതിന് രാമായണത്തിലെ ഹനുമദ്ദൂത് പ്രേരകമായിരിക്കാം എന്ന് പണ്ഡിതന്മാർ വിശ്വസിക്കുന്നു. ഇതിനു തെളിവുകൾ മേഘസന്ദേശത്തിൽ തന്നെയുണ്ട്. സന്ദേശകാവ്യത്തിന്റെ പ്രഥമാങ്കുരങ്ങൾ ഋഗ്വേദത്തിൽ നിന്നാണെന്നാണ് കാണുന്നത്. ഇതര ഭാരതീയ സാഹിത്യങ്ങളിൽ മേഘദൂതിനെ അനുകരിച്ച് സന്ദേശകാവ്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പുഷ്കലമായ പ്രസ്ഥാനമായി അത് വളർന്നുവന്നത് മലയാളത്തിൽ മാത്രമാണ്. മേഘസന്ദേശത്തെ അനുകരിച്ച് കേരളത്തിൽ ഉണ്ടായ സംസ്കൃത സന്ദേശകാവ്യങ്ങളാണ് ശുകസന്ദേശം, കോകില സന്ദേശം, ചകോര സന്ദേശം തുടങ്ങിയവ. മേഘസന്ദേശത്തെ അടിസ്ഥാനമാക്കിയാണ് സന്ദേശകാവ്യത്തിന് രൂപ ഭാവ കൽപ്പന ലക്ഷണം നിർണയിച്ചിരിക്കുന്നത്. സന്ദേശകാവ്യത്തിനു സ്ഥായിയായ പശ്ചാത്തലം ഉണ്ടായിരിക്കണം. പ്രണയബദ്ധരായ സ്ത്രീപുരുഷന്മാർ വിധിവശാൽ വേർപിരിഞ്ഞു താമസിക്കേണ്ടി വരിക, വിരഹദുഃഖത്തിൽ ആമഗ്നനായ കാമുകൻ ഹൃദയഭാരം ലഘൂകരിക്കാൻ ആരെയെങ്കിലും കണ്ടെത്തി തന്റെ സന്ദേശം കാമുകീ സവിധം എത്തിക്കാൻ അഭ്യർത്ഥിക്കുക, ഇങ്ങനെ ഇരുവരുടെയും ഉൽക്കണ്ഠയ്ക്ക് ശമനം വരുത്തുക; ഇതത്രേ ചുരുക്കത്തിൽ സന്ദേശ കാവ്യങ്ങളുടെ മൗലിക ഘടനാസ്വഭാവം. ഉണ്ണുനീലി സന്ദേശം ആണ് മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യം. പതിനാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ രചിച്ച കൃതിയാണതെന്ന് കരുതപ്പെടുന്നു. കാവ്യകാരൻ ആരെന്നു നിശ്ചയമില്ല. കവിയും നായകനും ഒരാൾ തന്നെയാണോ രണ്ടുപേരാണോ എന്നതിനെ സംബന്ധിച്ചും തർക്കങ്ങൾ ഉണ്ട്. പതിനാലാം ശതകത്തിലോ പതിനഞ്ചാം ശതകത്തിലോ രചിച്ചെന്നു കരുതപ്പെടുന്ന മറ്റൊരു സന്ദേശകാവ്യമാണ് കോകസന്ദേശം. കവിയാര് എന്നു തീർച്ചയില്ല. കഥ കൽപിതമാണ്. മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ സന്ദേശകാവ്യം കേരളവർമ്മ വലിയ കോയിത്തമ്പുരാൻ രചിച്ച മയൂരസന്ദേശം തന്നെയാണ്. 1895 ലാണ് ഇത് പ്രസിദ്ധപ്പെടുത്തുന്നത്. മയൂരസന്ദേശം ആദ്യം ഭാഷാ പോഷിണിയിൽ പ്രസിദ്ധീകരിക്കുമ്പോൾ ഉണ്ണുനീലിസന്ദേശവും കോകസന്ദേശവും കണ്ടെടുത്തിരുന്നില്ല. അതിനാൽ പുതുമ നിറഞ്ഞ കാവ്യാനുഭവം വാരി വിതറി കൊണ്ടാണ് മയൂര സന്ദേശം സഹൃദയസമക്ഷം പ്രത്യക്ഷപ്പെട്ടത്. ആകെ 141 ശ്ലോകങ്ങൾ ഇതിൽ ഉണ്ട്. ഇതര സന്ദേശകാവ്യങ്ങളിൽ നിന്ന് വ്യത്യസ്തമായ പശ്ചാത്തലമാണ് ഇതിനുള്ളത്.

സ്വാനുഭവനിഷ്ഠമാണ് ഈ കാവ്യം. തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഇതിൽ അനാവരണം ചെയ്യുന്നു. ആയില്യം തിരുനാളിന്റെ അപ്രീതിക്ക് പാത്രമായ കോയിത്തമ്പുരാൻ തന്റെ ഭാര്യ ലക്ഷ്മിഭായിയിൽ നിന്നകന്ന് ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിൽ തടവുകാരനായി ഏകാന്തവാസം അനുഭവിക്കേണ്ടി വന്നു. അഞ്ചുകൊല്ലം നീണ്ടുനിന്ന വിരഹജീവിതം കോയിത്തമ്പുരാനിൽ ഉണ്ടാക്കിയ തീവ്രദുഃഖം ആണ് മയൂരസന്ദേശ രചനയ്ക്ക് ആസ്പദം. ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രത്തിൽ നൃത്തം ചെയ്യുന്ന മയിലിനെ കണ്ടപ്പോൾ അതു മുഖേന തിരുവനന്തപുരത്തു താമസിക്കുന്ന തന്റെ പ്രിയതമയ്ക്ക് ഒരു സന്ദേശം കൊടുത്തയച്ചാൽ എന്തെന്ന് തമ്പുരാന് തോന്നി. അങ്ങനെ മയൂരസന്ദേശം ഉണ്ടായി. കണ്ടത്തിൽ വർഗീസു മാപ്പിളയുടെ അഭ്യർത്ഥനപ്രകാരം ഭാഷാപോഷിണിക്ക് വേണ്ടി എഴുതിയതാണ് ഈ കാവ്യമെന്ന് ടിം.എം. ചുമ്മാർ രേഖപ്പെടുത്തുന്നു.

**ചോദ്യങ്ങൾ** **(10x1=10)**

1. (I) സന്ദേശകാവ്യത്തിന് നിയതമായ സാഹിത്യരൂപം നൽകിയതാരാണ്?
1. (II) ഭാരതത്തിന്റെ പ്രഥമ സന്ദേശകാവ്യം എന്ന് വിശേഷിപ്പിക്കാവുന്ന രചന ഏത്?
1. (III) കാളിദാസന് മേഘദൂത് രചിക്കാൻ പ്രേരണ ലഭിച്ചത് എവിടെ നിന്നാണ്?
1. (IV) മലയാളഭാഷയിൽ രചിച്ച ഏതെങ്കിലും മൂന്ന് സന്ദേശകാവ്യങ്ങളുടെ പേര് കണ്ടെത്തുക.
1. (V) സന്ദേശകാവ്യങ്ങളിലെ മൗലിക ഘടകങ്ങൾ ഏവ?
1. (VI) ഉണ്ണനീലി സന്ദേശം രചിച്ചതാര്?
1. (VII) മയൂരസന്ദേശം വായനക്കാരിൽ പുതുമ നിറഞ്ഞ കാവ്യാനുഭവം പ്രദാനം ചെയ്തു എന്ന് പറയാൻ കാരണമെന്ത്?
1. (VIII) മയൂരസന്ദേശം രചിക്കാൻ കവിക്ക് പ്രേരണ ലഭിച്ചതെങ്ങനെ?
1. (IX) മയൂരസന്ദേശം ആദ്യം പ്രസിദ്ധപ്പെടുത്തിയത് എവിടെ? ആരുടെ നിർദ്ദേശപ്രകാരം?
1. (X) കോയിത്തമ്പുരാൻ ഏകാന്തവാസം അനുഭവിക്കേണ്ടിവന്നതിനു കാരണമെന്ത്?
1. (XI) മയൂരസന്ദേശത്തിലെ പ്രതിപാദ്യവിഷയമെന്ത്?
1. (XII) പൊതുവേ സന്ദേശകാവ്യങ്ങളിലെ നായിക നായകന്മാർ ആരാണ്?

## Section B / ബി. വിഭാഗം

**2. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക** **(1x6=6)**

(A) റോഡ് സുരക്ഷയും യുവജനങ്ങളും

(B) സുഹൃദ് സംഘങ്ങളും സാമൂഹിക പുരോഗതിയും

**3.** നിങ്ങളുടെ വിദ്യാലയത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ജില്ലാ ജയിൽ സന്ദർശനത്തിനുള്ള അനുമതി തേടി സ്കൂൾ പ്രിൻസിപ്പൽ എന്ന നിലയിൽ ജയിൽ ഡി.ജി.പി.ക്ക് **കത്തെഴുതുക.** **(1x6=6)**

**4. പരാവർത്തനം ചെയ്യുക** **(1x2=2)**

‘‘സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം’’ (പാരതന്ത്ര്യം = അസ്വാതന്ത്ര്യം, മൃതി = മരണം)

**5. താഴെപ്പറയുന്ന ഏതെങ്കിലും രണ്ട് ശൈലികളുടെ ശരിയായ അർത്ഥം കണ്ടെത്തി വാക്യം നിർമ്മിക്കുക** **(2x1=2)**

**(I)** അറുതി വരുത്തുക **(II)** ഉരുളയ്ക്കുപ്പേരി **(III)** ഭഗീരഥ പ്രയത്നം

**6. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.** **(2x1=2)**

**(I)** 1923 ൽ ഉണ്ടായ ഭൂചലനത്തിൽ നശിച്ചുപോയ ക്ഷേത്രം പിന്നീട് വീണ്ടും പുനർനിർമ്മിച്ചു.

**(II)** അടുത്ത ശനിയാഴ്ച ഉച്ചയ്ക്ക് ഓരോ കുട്ടികൾ തങ്ങളുടെ സഹപാഠികളെയും കൂട്ടുകാരെയും ക്ഷണിച്ചു കൊണ്ടുവന്ന് അവരുടെ സഹായത്തോടെ വള്ളത്തെ ഏണിപ്പടികൾ വഴി അപ്പാർട്ട്മെന്റിലേക്ക് എത്തിച്ചു

## Section C / സി. വിഭാഗം

**7. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്)** **(5x2=10)**

7. **(I)** "ഭരിച്ചുകൊൾക തവ പുത്രനെ വൈകാതെ നീ
സുരസ്ത്രീ സമയായ കൗശിക പുത്രിയോടും"

**(i)** ഈ വരികളുമായി ബന്ധപ്പെട്ട ശരിയായ സൂചന കണ്ടെത്തുക.

a. ശകുന്തള വിശ്വാമിത്രപുത്രിയാണ്

b. ശകുന്തള മേനകയുടെ പുത്രിയാണ്

c. ശകുന്തള ദേവസ്ത്രീയ്ക്ക് തുല്യയാണ്

d. ഇതെല്ലാം ശരിയാണ്

**(ii)** ഇവിടെ ആരാണ് കൗശികൻ?

a. ശകുന്തള b. മേനക c. വിശ്വാമിത്രൻ d. കണ്വൻ

7. **(II)** 'സാകേത പതിയെ വണങ്ങി'...

**(i)** ആരാണ് സാകേതപതിയെ വണങ്ങിയത്?

a. ഭീമരാജാവ് b. ബാഹുകൻ c. അഗ്നി d. ഋതുപർണ്ണൻ

**(ii)** ആരാണ് സാകേതപതി?

a. ഭീമരാജാവ് b. അഗ്നി c. നളൻ d. ഋതുപർണ്ണൻ

7. **(III)** "കറുകപ്പുൽതുമ്പത്തമ്പിളി
കളമെഴുതിപ്പാടിയ രാവുകൾ"

**(i)** താഴെ തന്നിരിക്കുന്നവയിൽ നിന്ന് ഈ വരികൾക്ക് യോജിക്കുന്ന ആശയം കണ്ടെത്തുക.

a. കാട്ടിൽ കളമെഴുത്ത് പാട്ട് അരങ്ങേറുന്നു

b. കാടത്തികൾ നൃത്തമാടുന്നു

c. നിലാവിൽ കുളിച്ച കാട് പുറപ്പെടുവിക്കുന്ന ശബ്ദം

d. ഇടിമിന്നൽ പൂക്കുന്നു

**(ii)** താഴെപ്പറയുന്നതിൽ ഏത് സ്ഥലത്താണ് സാധാരണയായി കളമെഴുത്ത് പാട്ട് ആചരിച്ചുവരുന്നത്?

a. ശ്രീകോവിലിൽ b. കാട്ടിൽ

c. കൂത്തമ്പലത്തിൽ d. ഭഗവതിക്കാവുകളിൽ

7. **(IV)** **(i)** വിഷയ സ്വീകരണത്തിലും രംഗാവിഷ്കാരക്രമങ്ങളിലും രചനാ ശൈലിയിലും ആത്മവത്തയും ദർശനവും യോജിപ്പിച്ച ആട്ടക്കഥാകാരൻ എന്ന വിശേഷണത്തിന് അർഹനാരാണ്?

a. കോട്ടയത്ത് തമ്പുരാൻ    b. വള്ളത്തോൾ നാരായണമേനോൻ

c. ഉണ്ണായി വാര്യർ    d. വി. കൃഷ്ണൻ തമ്പി

**(ii)** കഥകളി സംഗീതത്തിന്റെ ഉത്ഭവം എവിടെനിന്നാണ്?

a. മഹാഭാരതത്തിൽ നിന്ന്    b. ഗീതഗോവിന്ദത്തിൽ നിന്ന്

c. രാമായണത്തിൽ നിന്ന്    d. നളോപാഖ്യാനത്തിൽ നിന്ന്

7. **(V)** "കാന്തനല്ലും പകലും കഴിവില്ലാതെ വലയുന്നു"

**(i)** ഇവിടെ കാന്തൻ ആരാണ്?

a. സുതപസ്    b. ഉഗ്രതപസ്സ്    c. അണിമാണ്ഡവ്യൻ    d. ശീലാവതി

**(ii)** ' അല്ല് ' എന്ന് സൂചിപ്പിക്കുന്നത് എന്തിനെയാണ്?

a. രാത്രിയെ    b. പകലിനെ

c. രോഗാവസ്ഥയെ    d. ഔഷധങ്ങളെ

7. **(VI)** **(i)** 'തേങ്ങ' എന്ന കവിതയിലൂടെ കവി ഫലിത രൂപേണ നൽകുന്ന ഗുണപാഠം എന്ത്?

a തലയിൽ തേങ്ങാ വീണാൽ ചിരിക്കരുത്

b. തലയിൽ തേങ്ങാ വീണാൽ ചിരിക്കണം

c. തലയിൽ തേങ്ങാ വീഴുന്നത് തെറ്റാണ്

d. തലയിൽ തേങ്ങ വീഴാതെ നോക്കണം

**(ii)** ആധുനിക ജീവിതത്തിന്റെ അന്തസംഘർഷങ്ങളും വൈരുദ്ധ്യങ്ങളും കവിതയ്ക്ക് ഇതിവൃത്തമാക്കിയ എഴുത്തുകാരൻ ആരാണ്?

a. ചെറിയാൻ ജോർജ്    b. ചെറിയാൻ ചെറിയാൻ

c. ചെറിയാൻ. കെ. ചെറിയാൻ    d. ചെറിയാൻ. ആർ. ചെറിയാൻ

**8. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**
**(ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്)    (5x2=10)**

8. **(I)** 'ഒരു കൂട്ടച്ചിരിക്കിടയിൽ അവർ പരസ്പരം കണ്ണുകളിൽ നോക്കി'.

**(i)** താഴെ തന്നിരിക്കുന്നതിൽ ഈ പ്രസ്താവനയുമായി യോജിക്കാത്തത് ഏതാണെന്ന് കണ്ടെത്തുക?

a. വിപണിയുടെ ചതി    b. എന്തിനെയും വിൽക്കുന്ന ഉപഭോഗ സംസ്കാരം

c. നാഗരികതയുടെ ഭ്രമാത്മകത    d. ഉപഭോക്താവിനോടുള്ള സഹായമനസ്ഥിതി

**(ii)** പരസ്പരം എന്ന വാക്കുകൊണ്ട് ആരെയൊക്കെയാണ് ഉദ്ദേശിച്ചിട്ടുള്ളത്?

a. ദിവാകരനെയും കുട്ടികളെയും    b. കച്ചവടക്കാരെ

c. ദിവാകരനെയും കച്ചവടക്കാരെയും    d. മാതാപിതാക്കളെയും ദിവാകരനെയും

**8. (II)** **(i)** 'പ്രകാശം ജലം പോലെയാണ്' എന്ന കഥയുടെ രചയിതാവിനെ സംബന്ധിച്ചുള്ള സൂചനകളിൽ ഉൾപ്പെടാത്തതേത്?

a. ലാറ്റിനമേരിക്കൻ സാഹിത്യകാരൻ

b. 1975ലെ നൊബേൽ സമ്മാന ജേതാവ്

c. ഗാബോ എന്ന വിളിപ്പേരിൽ അറിയപ്പെടുന്നു

d. ഏകാന്തതയുടെ 100 വർഷങ്ങൾ എഴുതി

**(ii)** ഈ കഥയിൽ എത്ര മാന്ത്രിക രംഗങ്ങളെയാണ് കഥാകാരൻ സന്നിവേശിപ്പിച്ചിട്ടുള്ളത്?

a. രണ്ട് b. നാല് c. മൂന്ന് d. അഞ്ച്

**8. (III)** ''അതിനു പിന്നെ ജീവിതം ദുസ്സഹമാവുകയില്ലേ''?

**(i)** ആർക്കാണ് ജീവിതം ദുസ്സഹമാവുന്നത്?

a. ആൺപല്ലിക്ക് b. കുഞ്ഞിന് c. യുവതിയ്ക്ക് d. പെൺപല്ലിക്ക്

**(ii)** ജീവിതം ദുസ്സഹമാകാൻ കാരണമെന്തായിരിക്കും?

a. ചികിത്സാരംഗത്തെ മത്സരം

b. ഭർത്താവില്ലാത്ത ജീവിതമായതിനാൽ

c. അച്ഛൻ മരിക്കാൻ താൻ കാരണമായതിനാൽ

d. ദാമ്പത്യ ജീവിതം വേണ്ടെന്ന് വെച്ചതിനാൽ

**8. (IV)** **(i)** താഴെ തന്നിരിക്കുന്നതിൽ ഏതു സൂചനയാണ് 'യമുനോത്രിയുടെ ഊഷ്മളത' എന്ന പാഠഭാഗത്തിന് അനുയോജ്യമായത്?

a. ദൃശ്യാവിഷ്കാരം b. ലേഖനം

c. യാത്രാവിവരണം d. ചരിത്രരേഖ

**(ii)** ഈ പാഠഭാഗത്ത് പരാമർശിക്കുന്ന യമുനോത്രി ഏത് പർവതത്തിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്?

a. ബന്ദർപൂഞ്ച് b. ശിവാലിക്

c. കാരക്കോറം d. കാമോർ

**8. (V)** **(i)** 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ഫീച്ചറിന് ചേരുന്ന പ്രസ്താവനകൾ കണ്ടെത്തി യോജിച്ചവ ഏതെന്ന് രേഖപ്പെടുത്തുക.

**(I)** വികാരഭരിതമായ വിവരണം **(II)** സാങ്കേതിക പദങ്ങളുടെ അതിപ്രസരം

**(III)** 'ലേ ഔട്ടി' ലെ പുതുമ **(IV)** ആകർഷകമായ ശീർഷകം

a. I & II b. I & IV c. III & IV d. II & III

**(ii)** ഈ ഫീച്ചർ പ്രസിദ്ധീകരിച്ചത് ഏതു മാസികയിലാണ്? ഏത് വർഷം?

a. മാതൃഭൂമി ആഴ്ചപ്പതിപ്പ് ഡിസംബർ 2013

b. മാതൃഭൂമി സ്പോർട്സ് മാസിക ഡിസംബർ 2014

c. മാതൃഭൂമി ദിനപത്രം ഡിസംബർ 2014

d. മാതൃഭൂമി സ്പോർട്സ് മാസിക ഡിസംബർ 2013

**8. (VI)** "വാങ്ങിച്ച സമ്മാനം ഒക്കെ മതി''.

**(i)** ആര് ആരോടാണ് ഇങ്ങനെ പറയുന്നത്?

a. മാതാവ് കുട്ടികളോട് b. പിതാവ് കുട്ടികളോട്

c. യുവതി യുവാവിനോട് d. ദിവാകരൻ കടക്കാരോട്

(ii) ഏത് സമ്മാനത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

a. തുഴവള്ളത്തെക്കുറിച്ച്

b. ഛായാചിത്രത്തെക്കുറിച്ച്

c. പിറക്കാൻ പോകുന്ന കുഞ്ഞിനെക്കുറിച്ച്

d. നല്ല വിദ്യാർത്ഥിക്കുള്ള സമ്മാനത്തെക്കുറിച്ച്

## Section C / സി. വിഭാഗം

**9. ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(4x4=16)**

**9. (I)** 'കണ്ണാടി കാണ്മോളവും' എന്ന പാഠഭാഗത്ത് കവി സൂചിപ്പിക്കുന്ന രണ്ട് ലോകോക്തികൾ കണ്ടെത്തി അവയുടെ ആശയവും സമകാലിക പ്രസക്തിയും വിലയിരുത്തുക.

**9. (II)** 'ചുരമാന്തിയെഴുന്ന കരുത്തിൽ തിരമാലകൾ ചീറിയലച്ചു'.
ഈ വരികളിൽ തെളിയുന്ന ഭാവം എന്താണെന്ന് വിശദമാക്കുക.

**9. (III)** ''നൈഷധനിവൻ താൻ ഒരീഷലില്ലമേ നിർണയം''
ഈ ആത്മഗതത്തിൽ ദമയന്തി എത്തിച്ചേരാൻ ഉണ്ടായ കാരണങ്ങൾ ആട്ടക്കഥാഭാഗത്തെ അപഗ്രഥിച്ച് ക്രോഡീകരിക്കുക.

**9. (IV)** ''പിറവീലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങനെ
നമ്മെക്കുറവ് പറഞ്ഞു നശിപ്പിക്കുന്നു''.
ഈ നിലപാടിൽ എത്താൻ ശീലാവതിയെ പ്രേരിപ്പിച്ച സാമൂഹികാവസ്ഥ എന്തായിരിക്കാം? അതിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

**9. (V)** 'തേങ്ങ' എന്ന കവിതയുടെ അർത്ഥതലങ്ങൾ കണ്ടെത്തുക.

**10. ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(4x4=16)**

**10. (I)** 'എന്തെങ്കിലും വേണമെന്നവർക്ക് വാശി തോന്നിയാൽ അവർ എന്തും ചെയ്യും'.

'പ്രകാശം ജലം പോലെയാണ്' എന്ന കഥയിൽ പുതിയ കാലത്തെ കുട്ടികളെക്കുറിച്ചുള്ള ഈ നിരീക്ഷണം എത്രമാത്രം ശരിയാണ്? കഥയിലെ കുട്ടികൾ തങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിനായി പ്രവർത്തിച്ചതിനെ വിലയിരുത്തി നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

**10. (II)** 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ, വെളിച്ചത്തിന് പിന്നിലൊരു ചതി ഉണ്ടെന്ന പ്രസ്താവനയുടെ പൊരുൾ കണ്ടെത്തുക.

**10. (III)** ആത്മീയ വിശുദ്ധിയുടെ താഴ്വരയായി യമുനോത്രിയെ ലേഖകൻ അവതരിപ്പിക്കുന്നതെങ്ങനെ? ചുരുക്കി വിവരിക്കുക

**10. (IV)** ''ഞാൻ ആരായിരുന്നു എന്നറിയാൻ എനിക്ക് വളരെയേറെ ആഗ്രഹമുണ്ട്''.
ആര് ആരോടാണ് ഇങ്ങനെ പറയുന്നത്? ഇങ്ങനെ പറയാനുള്ള സാഹചര്യവും സന്ദർഭവും വ്യക്തമാക്കുക.

**10. (V)** 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകളെ' ഒരു സ്പോർട്സ് ഫീച്ചർ എന്ന നിലയിൽ നിങ്ങൾ വിലയിരുത്തുന്നത് എങ്ങനെ?